പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3049 **29-10-2026-ൽ മറുപടിയ്ക്ക്**

ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (DIETs) വഹിക്കുന്ന പങ്ക് വിശദമാക്കാമോ;

മറുപടി: പൊതുവിദ്യാഭ്യാസ മേഖലയിൽ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളെ (DIETs) കുറിച്ചും അവ വഹിക്കുന്ന ചുമതലകളും **അനുബന്ധം (1)** ആയി ചേർക്കുന്നു.

(ബി) ഡയറ്റിലെ ജീവനക്കാരുടെ ആകെ എണ്ണം എത്ര;

മറുപടി: ആകെ 396 തസ്തികകൾ

(സി) ഇവരുടെ ശമ്പള ഇനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസം മുതൽ കുടിശ്ശികയുണ്ടെന്നും കുടിശ്ശിക വരുന്നതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ;

മറുപടി: ഡയറ്റുകൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഫണ്ട് ഉപയോഗിച്ചാണ് ഡയറ്റുകളുടെ പ്രവർത്തനങ്ങളും ജീവനക്കാരുടെ ശമ്പളവും മറ്റ് ചെലവുകളും നടന്നുവരുന്നത്. എന്നാൽ കേന്ദ്ര വിഹിതം നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്തതിനാൽ ഡയറ്റുകളിലെ ജീവനക്കാരുടെ ശമ്പളം പൂർണമായും സംസ്ഥാന സർക്കാർ ആണ് നൽകിവരുന്നത്.

സംസ്ഥാനത്തെ 14 ജില്ലകളിലെയും ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരായ അക്കാദമിക ഫാക്കൽറ്റികൾക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും ജൂലൈ മാസം വരെയുള്ള ശമ്പളം ലഭ്യമാക്കിയിട്ടുണ്ട്. ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയാവുന്നതിനാൽ ജീവനക്കാരുടെ സാമ്പത്തിക സുരക്ഷിതത്വം, കുടുംബജീവിതം, മാനസികാരോഗ്യം എന്നിവയെയും കാര്യക്ഷമതയെയയും പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

മറുപടി: ഡയറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് തടസ്സമില്ലാതെയും കൃത്യസമയത്തും സർക്കാർ ശമ്പളം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ശമ്പള കുടിശ്ശിക അടിയന്തരമായി അനുവദിക്കുന്നതിനും വിഷയത്തിന്റെ ശാശ്വത പരിഹാരത്തിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: ഡയറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് തടസ്സമില്ലാതെയും കൃത്യസമയത്തും സർക്കാർ ശമ്പളം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

1. 1986- (National Policy of Education NPE) ll W പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് ഇന്ത്യയിൽ ഡയറ്റുകൾ രൂപീകൃതമായത്.

2. ജില്ലയിലെ കുട്ടികളുടെയും മുതിർന്നവരുടെയും മാനസികവും ശാരീരികവും വൈകാരികവും തൊഴിൽപരവും വിദ്യാഭ്യാസപരവുമായ സമഗ്ര വികസനത്തിനായുള്ള പ്രവർത്തനങ്ങൾ ഏകോപിച്ച് നടപ്പിലാക്കേണ്ട ജില്ലാ അക്കാദമിക സ്ഥാപനമാണ് ഡയറ്റ്.

3. അദ്ധ്യാപക വിദ്യാഭ്യാസം (Preservice & In Service), സ്കൂൾ വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ വ്യത്യസ്ത വിഭാഗങ്ങളിൽ ഗവേഷണാത്മകമായ അക്കാദമിക ഇടപെടലിലൂടെ ജില്ലയെ സുസ്ഥിര വികസനത്തിലേക്ക് നയിക്കേണ്ട സ്ഥാപനമാണ് ഡയറ്റ്.

4. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അദ്ധ്യാപക പരിശീലനം ഗുണപരമായി നടപ്പിലാക്കുക. തുടർന്ന് ക്ലാസ്സ് മുറിയിലെ അദ്ധ്യാപകരുടെ അക്കാദമിക ഇടപെടൽ തൽസമയം വിലയിരുത്തുക. സ്കൂൾ എസ്.ആർ.ജി.-യിലൂടെ അദ്ധ്യാപക ശാക്തീകരണം നടത്തുക. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് പഠന നേട്ടത്തിന്റെ അവകാശികളാക്കാൻ അദ്ധ്യാപകരെ തയ്യാറാക്കുക.

5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ബി.ആർ.സി-യുമായി ചേർന്ന് നടപ്പിലാക്കുക. അക്കാദമിക/നൈപുണ്യ വികസന അനുരൂപീകരണ പാക്കേജ് രൂപീകരിച്ച് നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുക.

6. മുതിർന്നവരുടെ ബോധനശാസ്ത്രത്തിലൂന്നി, സാക്ഷരതാമിഷന്റെ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിലൂടെ അക്കാദമിക ഇടപെടൽ ഉറപ്പാക്കാനുള്ള അക്കാദമിക സഹായം നൽകുക. നടത്തി മുതിർന്നവരുടെ സമഗ്രവികസനം

7. ഡയറ്റിലും ജില്ലയിലെ വിവിധ അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗുണമേന്മയുള്ള അദ്ധ്യാപക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ നടപ്പിലാക്കൽ. അതുവഴി നല്ല അറിവും മനോഭാവവും നൈപുണ്യവും (Knowledge, Attitude, Skill-(KAS)) ഉള്ള ഭാവി അധ്യാപകരെ രൂപപ്പെടുത്താൻ കൃത്യമായ അക്കാദമിക മോണിറ്ററിംഗ് നൽകൽ. ടീച്ചർ എഡ്യൂക്കേറ്റർമാർക്കും ഐ.ടി.ഇ പ്രിൻസിപ്പാൾമാർക്കും കൃത്യമായ പരിശീലനങ്ങൾ നൽകി ഗുണത ഉറപ്പാക്കൽ.

8. ഒന്നാംപാദ/രണ്ടാംപാദ/വാർഷിക പരീക്ഷകൾക്കായുള്ള ഹൈസ്കൂൾ വിഭാഗം ചോദ്യങ്ങൾ നിർമ്മിച്ച് നൽകൽ.

9. അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ട്, പരീക്ഷാഭവൻ നടത്തുന്ന എല്ലാ സെമസ്റ്ററാന്ത്യ പരീക്ഷകളുടെയും സപ്ലിമെന്ററി പരീക്ഷകളുടെയും കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് ആയി പ്രവർത്തിക്കൽ. സമയബന്ധിതമായി റിസൾട്ട് പരീക്ഷ ഭവനിൽ ലഭ്യമാക്കൽ.

10. ജില്ലയിലെ വിവിധ അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് സെമസ്റ്ററാന്ത്യ പരീക്ഷകൾ, മാതൃകാ പരീക്ഷകൾ എന്നിവയുടെ ചോദ്യപേപ്പർ നിർമ്മാണം. പരീക്ഷാ പ്രവർത്തനങ്ങൾ ഏകോപിക്കൽ.

11. വിവിധ അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന സി.ഇ. മാർക്കുകൾ, ഇന്റേൺഷിപ്പ് മാർക്കുകൾ, പഠനയാത്ര. സമൂഹസമ്പർക്ക സഹവാസ ക്യാമ്പ് എന്നിവയുടെ മാർക്കുകൾ മാനകീകരണത്തിനായി ജില്ലാ പ്രായോഗിക പരീക്ഷ ബോർഡ് ആയി പ്രവർത്തിക്കൽ. ജില്ലയിലെ അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക വിദ്യാർത്ഥികളുടെ മാർക്കുകൾ പരീക്ഷാഭവനിലേക്ക് നൽകൽ.

12. പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും വിവിധ സംസ്ഥാന ഓഫീസുകളുടെയും ഏജൻസികളുടെയും സംസ്ഥാന/ജില്ലാതല റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കൽ.